
# പി എൻ പണിക്കർ സ്മാരക ഗവ: എൽ.പി സ്കൂൾ അമ്പലപ്പുഴ

## അക്കാദമിക മാസ്റ്റർ പ്ലാൻ
## ൨൦൨൫-൨൦൨൬




ജി.എൽ.പി.എസ് അമ്പലപ്പുഴ

ഉപജില്ല അമ്പലപ്പുഴ

ആലപ്പുഴ

# താളുകൾ

1. ആമുഖം
2. പൊതു ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. സ്കൂൾ മികവിന്റെ കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥ വിശകലനം
6. പദ്ധതി പ്രവർത്തനങ്ങൾ
7. വിഷയമേഖലാ പ്രവർത്തനങ്ങൾ
8. പദ്ധതി രൂപീകരണ പ്രക്രിയ
9. പ്രശ്നങ്ങൾ–വെല്ലുവിളികൾ
10. ഉപസംഹാരം

# അക്കാദമിക മാസ്റ്റർപ്ലാൻ
## 2025–2026

**ആമുഖം**

പൊതുവിദ്യാഭ്യാസ സംരക്ഷണയഞ്ജത്തിന്റെ ഭാഗമായി വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിലെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് നൂതനപദ്ധതികൾ ഉൾപ്പെടുത്തി സമഗ്രമായി തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

പൊതുവിദ്യാലങ്ങളുടെ പ്രസക്തി വീണ്ടെടുക്കുക എന്ന ഉദ്ദേശ്യത്തോടെ പൂർവ്വ വിദ്യാർത്ഥികൾ അദ്ധ്യാപക-രക്ഷകർത്ത്യ സംഘടനകൾ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. ഓരോ ക്ലാസ്സിലെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട പഠനനിലവാരം നിഷ്കർഷിക്കുകയും കുറവുകൾ വിലയിരുത്തി പഠനപ്രക്രിയ ഏകോപിപ്പിക്കുകയും ചെയ്തുകൊണ്ട് ശിശുകേന്ദ്രീകൃതമായ മെച്ചപ്പെടുത്തലുകൾ നടത്തുവാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

എല്ലാ പ്രവർത്തനങ്ങളിലും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ സമഗ്ര വികസനം കൂടി സാദ്ധ്യമാകുന്നതരത്തിൽ ആസൂത്രണം ചെയ്യുന്നു. ഇതിൽ അടിസ്ഥാന സൗകര്യപരിമിതികൾ പരിഹരിക്കാനുള്ള നടപടികൾ കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രോത്സാഹനവും ഐ.ടി പരിശീലനം സാദ്ധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉറപ്പുവരുത്തിയിരിക്കുന്നു.

കുട്ടികളുടെ കഴിവ് കേവലം പാഠപുസ്തകങ്ങളിലൊതുക്കാതെ പാഠ്യേതര മികവുകളെ പരിപോഷിപ്പിക്കുകയും ഐ.ടി, കലാകായിക പരിശീലനങ്ങൾ എന്നിവ ക്രമാനുഗതമായി നൽകിക്കൊണ്ട് സർഗ്ഗപരമായ കഴിവുകളെ വികസിപ്പിക്കുകയും തദ്വാര കുട്ടിയെ സമഗ്രവികസനത്തിലെത്തിക്കാൻ തക്കവണ്ണം ഉപയുക്തമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ അന്താരാഷ്ട്ര പഠനനിലവാരത്തിലേയ്ക്ക് എത്തിക്കുകയെന്ന പരമോന്നത ലക്ഷ്യത്തിലേയ്ക്ക് ഞങ്ങൾ ചുവടുവെയ്ക്കുന്നു.

## ചരിത്രം

1. ചരിത്രപ്രസിദ്ധമായ അമ്പലപ്പുഴയുടെ സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ പുരോഗതിക്ക് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുള്ള വിദ്യാല യമാണ് പെൺപള്ളിക്കൂടം എന്ന് പ്രസിദ്ധിയുള്ള പി.എൻ.പണിക്കർ സ്മാരക ഗവ.എൽ.പി.സ്കൂൾ.
2. തുഞ്ചത്താചാര്യന്റെയും, കുഞ്ചൻ നമ്പ്യാരുടെയും, മേൽപ്പത്തൂരിന്റെയും ഉൾപ്പെടെയുള്ള അനേകം സാഹിത്യ-സാമൂഹിക നേതാക്കളുടെ പാദ സ്പർശമേൽക്കുന്നതിനുള്ള സൗഭാഗ്യം ഈ സരസ്വതിക്ഷേത്രത്തിന്റെ മണൽത്തരികൾക്കുണ്ടായിട്ടുണ്ട്.
3. രാജഭരണകാലത്ത് പെൺകുട്ടികളുടെ വിദ്യാഭ്യാസം ലക്ഷ്യമിട്ട് ആരംഭിച്ച അമ്പലപ്പുഴയിലെ ആദ്യവിദ്യാലയമാണ് പെൺപള്ളിക്കൂടം എന്ന് അറിയ പ്പെടുന്ന ഇപ്പോഴത്തെ പി.എൻ.പണിക്കർ സ്മാര ഗവ.എൽ.പി.എസ്. ഇവിടെ വായനയുടെ ആചാര്യാനായിരുന്ന പി.എൻ.പണിക്കർസാർ തുടങ്ങി നിരവധി പ്രശസ്തരായ അദ്ധ്യാപക ശ്രേഷ്ഠർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.
4. പൊതുവിദ്യാലയങ്ങളിൽ മലയാള ഭാഷയ്ക്കും, വായനയ്ക്കും ഏറെ പ്രാധാന്യം നൽകുന്ന ഈ അവസരത്തിൽ വായനയുടെ ആചാര്യനായി രുന്ന പി.എൻ.പണിക്കർ സാറിന്റെ നാമധേയത്തിൽ ഇന്ന് ഈ സ്കൂൾ അറിയപ്പെടുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.
5. അമ്പലപ്പുഴ ക്ഷേത്രത്തിനും ചെമ്പകശ്ശേരി കൊട്ടാരത്തിനും വളരെ അടു ത്തായി സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിന് 150 വർഷത്തിലധികം പഴ ക്കമുണ്ടെന്ന് കരുതപ്പെടുന്നു.

# പൊതുവായ ലക്ഷ്യങ്ങൾ

പ്രീ–പ്രൈമറി തലത്തിൽ 19 കുട്ടികളും 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 63 കുട്ടികളും ഇവിടെ പഠിക്കുന്നു. മെച്ചപ്പെട്ട ഭൗതികസൗകര്യങ്ങൾ നിലവിൽ സ്കൂളിൽ ലഭ്യമാണെങ്കിലും കുട്ടികളുടെ എണ്ണം വരും വർഷങ്ങളിൽ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കുകയും എസ്.എം.സി–യുടെ നേതൃത്വത്തിൽ കുട്ടികളുടെ വീടുകളിലെ അവസ്ഥ മനസ്സിലാക്കുന്നതിനായി ഭവനസന്ദർശനം നടത്തിവരുകയും ചെയ്യുന്നു. കൂടുതൽ മികവ് എന്ന ലക്ഷ്യത്തിലേക്ക് ഉയരുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ അനുബന്ധമായി ചെയ്യണം. നിലവിലെ ഭൗതിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയും അക്കാദമിക മികവിന് അനുപൂരകമായ പ്രവർത്തനങ്ങൾ കണ്ടെത്തിയും ലക്ഷ്യത്തിൽ എത്തിച്ചേരണം.

സാംസ്കാരിക കേന്ദ്രമായ അമ്പലപ്പുഴയുടെ ഹൃദയഭാഗത്ത് നിലകൊള്ളുന്ന ഈ വിദ്യാലയത്തിൽ വായനയ്ക്കും വായനാനുബന്ധ പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നു. വായനാ സംസ്കാരം പ്രോത്സാഹിപ്പിച്ചുകൊണ്ടും വായനാനുഭവം പങ്കിട്ടും ആവിഷ്കരിച്ചും പഠനപ്രക്രിയയിൽ പഠനശേഷികൾ ഉറപ്പാക്കുകവഴി അക്കാദമിക മികവ് കൈവരിക്കാൻ കഴിയും.

നിലവിലുള്ള സ്കൂൾ ലൈബ്രറി അപ്ഗ്രേഡ് ചെയ്ത് ഭിന്നനിലവാരക്കാർക്കും വായനയുടെ അനുഭവം പങ്കുവെയ്ക്കുന്നതിനും അറിവ് നേടുന്നതിനും അവസരം ഒരുക്കും. സ്കൂളിനോട് അടുത്തു നിൽക്കുന്നതും, കേരളത്തിലെ ആദ്യഗ്രന്ഥശാലയുമായ പി.കെ.മെമ്മോറിയൽ ഗ്രന്ഥശാലയുമായി ചേർന്ന് പ്രവർത്തിക്കുകയും, വായനാ സംസ്കാരം ഉൾകൊണ്ടും കുട്ടികൾക്ക് അറിവിന്റെ വാതായനങ്ങൾ തുറക്കാൻ അവസരം ഒരുക്കും.

- കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക
- വായനാനുഭവങ്ങൾ പങ്കിടുക
- ക്ലാസ്റൂം ലൈബ്രറികൾ സജീവമാക്കുക
- വ്യത്യസ്തതല വായനകൾ

- രചനാപരമായ കഴിവുകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ/ അവസര ങ്ങൾ
- പ്രാദേശിക വായനാ സാമഗ്രികൾ രൂപപ്പെടുത്തൽ
- അസംബ്ലി, പത്രവാർത്ത, ക്വിസ്, മികച്ച രചനകൾ അവതരിപ്പിക്കൽ
- ആരോഗ്യ, കാർഷിക, ശുചിത്വ ക്ലബ്ബുകളുടെ റിപ്പോർട്ട് അവതരണം, വായനാക്കുറിപ്പുകൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കൽ
- രചനകൾ പുസ്തക രൂപത്തിൽ അച്ചടിക്കൽ, പ്രസിദ്ധീകരിക്കൽ, കൈയ്യെ ഴുത്തുമാസികകൾ തയ്യാറാക്കൽ
- കുട്ടികളുടെ പത്രം
- പ്രതിമാസ വായനാ പരിപാടികൾ (സാമൂഹികം)
- ലൈബ്രറി ക്രമീകരണം
- പുസ്തക ചർച്ച/ദിനാചരണ പുസ്തക വായന
- വായന മത്സരം/രചന, ശില്പശാല

## കാഴ്ചപ്പാട്

- സ്കൂളിനെ നാടിന്റെ പ്രീയപ്പെട്ട വിദ്യാലയമാക്കാൻ കഴിയും തക്കവിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.
- ആധുനിക സാങ്കേതികവിദ്യ പഠനബോധനപ്രവർത്തനങ്ങൾക്ക് ഉതകും വിധത്തിൽ ലഭ്യമാക്കിക്കൊണ്ട് ക്ലാസ്മുറികളെ ഹൈടെക്ക് ആക്കുക.
- ജനപ്രതിനിധികളുടെ സഹായത്തോടെ തന്റെ ചുറ്റുപാടുമുള്ള സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുവാനും തദ്വാരപഠനവും ഉയർന്ന സാമൂഹിക അവബോധവും കുട്ടികളിൽ ഉൾചേർക്കുക. ഇതിലൂടെ സമുഹവും വിദ്യാലയവും പരസ്പര പൂരകങ്ങളാവുക.
- ലഹരിവസ്തുക്കൾ, സാമൂഹ്യതിന്മകൾ എന്നിവയ്ക്കെതിരെ പ്രതികരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുകയും അതോടൊപ്പം അവരുടെ ആശയവിനിമയ ശേഷിയും സാമൂഹിക നൈപുണ്യവും വളർത്തുക.
- പ്രവർത്തിദിനങ്ങളിൽ നിശ്ചിതപഠന സമയം ഉറപ്പുവരുത്തുവാനും പൂർണ്ണമായും അദ്ധ്യാപികയുടെ/അദ്ധ്യാപകന്റെ സാന്നിദ്ധ്യം ക്ലാസ്സ് മുറിയിൽ ഉറപ്പു വരുത്തുക.
- ക്ലാസ്സ് പി.റ്റി.എ-കളെ ശക്തിപ്പെടുത്തുകവഴി വിദ്യാലയ മികവുകൾ സമൂഹത്തിലേക്ക് എത്തിയ്ക്കുകയും അതുവഴി കുട്ടികളെ ആത്മവിശ്വാസം ഉള്ളവരാക്കി മാറ്റുകയും ചെയ്യുക.
- ഉച്ചഭക്ഷണ പദ്ധതിയിലേക്കുള്ള മുഴുവൻ പച്ചക്കറികളും വിദ്യാലയത്തിൽ നിന്നുതന്നെ ഉൽപ്പാദിപ്പിച്ച് വിഷരഹിത പച്ചക്കറികൾ ഉപയോഗിക്കുകയും ചെയ്യുക.
- വർണ്ണവിസ്മയം തീർക്കുന്ന ജൈവവൈവിധ്യം നിറഞ്ഞ വിദ്യാലയ അന്തരീക്ഷത്തെ നിലനിർത്തുക.
- അദ്ധ്യാപനത്തെ കൂട്ടായ്മയിലൂടെ മെച്ചപ്പെടുത്തുകയും അതിനായി അവശ്യ സന്ദർഭങ്ങളിൽ രക്ഷകർത്താക്കളും ക്ലാസ്റും പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.

- കലാ–കായിക പ്രവർത്തിപരിചയ മേഖകളിൽ പ്രാവീണ്യം ഉള്ള രക്ഷകർത്താക്കളുടെ സേവനം ക്ലാസ്സ്മുറിയിൽ പ്രയോജനപ്പെടുത്തുക.
- കുടുംബസംഗമം, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക.
- വ്യത്യസ്തങ്ങളായ വായനാസാമഗ്രികൾ കണ്ടെത്തി രക്ഷിതാവും കുട്ടിയും ഒത്തുചേർന്ന് വായിക്കുവാനുള്ള അവസരം സ്കൂളിൽ ഒരുക്കുക.
- ഏറ്റവും മികച്ച പൗരൻമാരെ രാഷ്ട്രത്തിന് സംഭാവന ചെയ്യുക. വിവിധമേഖലകളിൽ പ്രാഗത്ഭ്യം തെളിയിക്കത്തക്ക പൗരന്മാരായി മാറ്റുക. എല്ലാ കാര്യങ്ങളിലും നേതൃത്വഗുണം ഉള്ളവരാക്കി മാറ്റുക.
- പ്രദേശത്തെ സാംസ്കാരികവും ശാസ്ത്രീയവുമായ പുരോഗമന കാഴ്ചപ്പാടോടുകൂടിയ വിദ്യാകേന്ദ്രമാക്കി മാറ്റുക.
- കാലഘട്ടത്തിന് യോജിച്ചതും മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുള്ള പൗരന്മാരെ സംഭാവന ചെയ്യുന്ന ഏക വിദ്യാലയം എന്ന് എല്ലാവരും പരിഗണിക്കണം.
- ഗ്രാമവാസികളുടെ ആശാകേന്ദ്രമായി അവർ ആഗ്രഹിക്കുന്ന മികവോടെ (ആരോഗ്യം, ശുചിത്വം, ആകർഷകത്വം, സൗകര്യങ്ങൾ, ചിട്ടയോടും അച്ചടക്കത്തോടെയും വിദ്യഭ്യാസം ലഭ്യമാക്കുന്ന ഇടമാക്കി ഈ വിദ്യാലയത്തെ മാറ്റുക.
- ഉത്തരവാദിത്വബോധം, ധാർമ്മികത, കഠിനാദ്ധ്വാനം എന്നീ മൂല്യങ്ങൾ നേടിയ വ്യക്തികളെ രൂപപ്പെടുത്തുക.
- കായികരംഗത്തും കലാരംഗത്തും മികവുറ്റവരാകത്തക്ക വിധത്തിൽ കുട്ടികളെ വാർത്തെടുക്കുക.
- മേൽപ്പറഞ്ഞവയിലൂടെ ഗ്രാമത്തിന്റെ സംസ്കാരം ഉയർത്തപ്പെടുകയും അതിലൂടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വിദ്യാലയത്തെ എത്തിക്കുകയും വേണം.

## നിലവിലെ അവസ്ഥാ വിശകലനം

സ്കൂളിൽ പ്രി–പ്രൈമറി തലത്തിൽ 19 കുട്ടികളും 1 മുതൽ 4 വരെ ക്ലാസുകളിലായി 63 കുട്ടികളും പഠിക്കുന്നു. കുറച്ച് കുട്ടികൾ ഭാഷാപരമായി പിന്നോക്കാവസ്ഥയിലാണ്. അവരെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

സ്കൂൾ പച്ചക്കറിത്തോട്ടത്തിലെ പ്രവർത്തനങ്ങൾ കുട്ടികളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നു. അത് കുട്ടികളിൽ കൃഷിയുടെ അടിസ്ഥാനാശയങ്ങൾ ഉറപ്പാക്കുവാൻ സഹായിക്കുന്നു. നാടൻ പച്ചക്കറികൾ പരമാവധി ഉപയോഗിച്ചുകൊണ്ട് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു. ശുദ്ധജലം എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾക്ക് ഉറപ്പാക്കുന്നു. കുട്ടികൾക്ക് ആരോഗ്യബോധവത്കരണ ക്ലാസ്സുകൾ, ആരോഗ്യപരിശോധന തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു.

സ്കൂൾ ക്ലാസ്സ്റൂം ലൈബ്രറിയുടെ പ്രവർത്തനം എന്നിവ വളരെ സജീവമാണ്. അസംബ്ലിയിൽ പത്രവായന, ക്വിസ് എന്നിവയും നടത്തുന്നു. ബാലമാസികകൾ വായിച്ച് കുട്ടികൾ കുറിപ്പുകൾ തയ്യാറാക്കുന്നു. ക്ലാസ്സ് പി.റ്റി.എ–യിൽ കുട്ടികളുടെ കലാപരിപാടികൾ നടത്തുന്നു. സർഗ്ഗവേദികൾ സജീവമാണ്.

## അവസ്ഥാ വിശകലനം

വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവും സമഗ്രവുമായ ഗുണമേന്മ ലക്ഷ്യംവെച്ചുകൊണ്ട് പൊതുജന പങ്കാളിത്തത്തോടെ നിരവധി കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ ലക്ഷ്യം സക്ഷാത്കരിക്കുവാൻ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടിവരുന്നു. എന്നിരുന്നാലും കർമ്മധീരരായ അദ്ധ്യാപകരും, രക്ഷിതാക്കളും സഹകരണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന സമൂഹവും കൂടി ഒത്തുചേർന്ന് വരും വർഷങ്ങളിലെ പ്രവർത്തനങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് പൊതുവിദ്യാലയങ്ങൾ നാളെയുടെ അഭിമാനമാകും വിധത്തിൽ എല്ലാ വിഭവങ്ങളെയും സ്വാംശീകരിച്ച് ഉപയുക്തമാക്കും എന്ന ദൃഢനിശ്ചയത്തോടെ ഞങ്ങളുടെ സ്കൂളിനെ മികവുറ്റതാക്കാൻ വൈവിധ്യമാർന്ന അദ്ധ്യയനം കാഴ്ചവെച്ചുകൊണ്ട് പ്രയാണം തുടരുകയാണ്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനായി ഭക്ഷണശാല ഉണ്ടെങ്കിലും ഇരിപ്പിടങ്ങളുടെ അപര്യാപ്തതയുണ്ട്. ദൂരെ നിന്നും എത്തുന്ന കുട്ടികൾക്കായി വാഹനസൗകര്യം, ആധുനിക സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം എന്നീ പരിമിതികൾ കൂടി മറികടക്കേണ്ടതുണ്ട്.

കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി സ്കൂളിലെ ഹരിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മനോഹരമായ ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുകയും സ്കൂളിലെ ഉച്ചഭക്ഷണത്തിനുള്ള പച്ചക്കറികൾ കുട്ടികൾതന്നെ വിളയിച്ചെടുക്കുക എന്ന വിശാലമായ കാഴ്ചപ്പാടാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്. മാലിന്യനിർമ്മാർജ്ജനം പരിസ്ഥിതിസംരക്ഷണം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

എല്ലാ ക്ലാസ്സുകളിലും ഐ.ടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സ്മാർട്ട് ക്ലാസുകളാക്കുകയും കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുക.

# നിലവിലെ അവസ്ഥ വിശകലനം

| നമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്സ് മുറി | 5 | 4 |
| 2 | ശുദ്ധജല സൗകര്യം | ആർ.ഒ.പ്ലാന്റ് | |
| 3 | പ്രധാന അദ്ധ്യാപിക മുറി | പഴക്കമുള്ളത് | പുതിയ കെട്ടിടം |
| 4 | ചുറ്റുമതിൽ | പൂർണ്ണമല്ല. സ്കൂൾ കെട്ടിടത്തിന്റെ ഭാഗം തന്നെയാണ് മതിൽ | പുതിയ മതിൽ |
| 5 | ലൈബ്രറി (ക്ലാസ്സ്റൂം) | 5 | |
| 6 | കളിസ്ഥലം | കളിസ്ഥലം ഇല്ല | മികച്ച ഒരു കളിസ്ഥലം |
| 7 | റാമ്പ്, റെയിൽ | ഉണ്ട് | |
| 8 | പാചകപ്പുര | ഉണ്ട് | |
| 9 | ICD Projector and Screen<br>സൗണ്ട് ആപ്ലിക്കേഷൻ സിസ്റ്റം | | |
| 10 | വൈറ്റ് ബോർഡ് | ഒന്ന് | നാല് |
| 11 | ലാപ്ടോപ്പ്, കമ്പ്യൂട്ടർ | 2 | 2 |
| 12 | ക്ലാസ്സുകളിൽ കുടിവെള്ള സംഭരണി | ഇല്ല | 5 |
| 13 | ബുക്ക് റാക്ക്/ഷെൽഫ് | ഇല്ല | 5 |
| 14 | ഡിജിറ്റൽ ക്യാമറ | ഇല്ല | |
| 15 | ഡിവിഡി പ്ലെയർ | ഇല്ല | |
| 16 | ആർ.ഒ.പ്ലാന്റ് | ഉണ്ട് | |
| 17 | ഓഡിറ്റോറിയം | മികച്ചത് | |

## വിഷയമേഖല-പ്രവർത്തനങ്ങൾ

- സർഗ്ഗാത്മക രചനകൾക്ക് പരമാവധി അവസരങ്ങൾ നൽകുകയും കുട്ടികളുടെ ചിന്തകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക.
- കുട്ടികൾ തയ്യാറാക്കുന്ന സർഗ്ഗാത്മകരചനകളിലൂടെ അവരെ ഭാഷാമികവിലേക്കുയർത്തുക.
- കുട്ടിയുടെ പഠനത്തെ കാസ്സ്മുറിയുടെ പുറത്തേയ്ക്ക് കൊണ്ടുവരിക.
- എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.
- കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുക.
- അപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുള്ള മനോഭാവവും സന്നദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധവും ഉണ്ടാക്കുക.
- ഇംഗ്ലീഷ് പഠനം കാര്യക്ഷമമക്കുക.
- സ്കൂളിൽ നടക്കുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുക.
- ഓരോ ക്ലാസിലും ക്ലാസ്സ് ലൈബ്രറി സജീവമാക്കുക.
- കുട്ടികളുടെ വായനാക്കൂട്ടങ്ങൾ രൂപപ്പെടുത്തുക.
- ചിത്രരചനയുടെ വിവിധ രീതികൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിനായി പഠനക്യാമ്പുകൾ സംഘടിപ്പിക്കുക.
- അറിവു നിർമ്മാണ പ്രക്രിയയിലെ ഘട്ടങ്ങൾ മെച്ചപ്പെടുത്തുക.
- ബാലമാസികകൾ, പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ സ്വതന്ത്ര വായനയ്ക്ക് അവസരം നൽകുക.
- വായനയ്ക്ക് വിവിധ പ്രവർത്തനങ്ങളിലൂടെ നിരന്തരവും ക്രമവുമായ പരിശീലനം നൽകുക.
- വായനയിലൂടെ ഭാഷാശേഷി വികസിപ്പിക്കുക.
- മികച്ച ഭൗതികസാഹചര്യങ്ങൾ ലഭ്യമാക്കുക.

- പഠനോപകരണനിർമ്മാണവും ശേഖരണവും കുട്ടികളുടെ നേതൃത്വത്തിൽ നടത്തുക.
- റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിക്കുക.
- വിദ്യാലയ മികവുകൾ, വിദ്യാലയപരിധിയിലെ പരമാവധി ആളുകളുമായി പങ്കുവെയ്ക്കുക.
- പി.റ്റി.എ-യുടെ സഹകരണത്തോടെ പോഷകസമൃദ്ധമായ ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുക.
- അമ്മമാരിൽ വായനാശീലം വളർത്തുക.
- കുട്ടികളുടെ മാനസിക, ശാരീരിക, ആരോഗ്യം പരിപാലിക്കുന്നതിന്റെ പ്രാധാന്യം മനസിലാക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക.
- ക്ലാസ്സ് പി.റ്റി.എ-കളെ ശക്തിപ്പെടുത്തുക വഴി വിദ്യാലയ മികവുകൾ സമൂഹത്തിലേയ്ക്ക് എത്തിക്കുകയും കുട്ടികളെ ആത്മവിശ്വാസമുള്ളവരാക്കി മാറ്റുകയും ചെയ്യുക.
- ഉച്ചഭക്ഷണപദ്ധതിയിലേക്കുള്ള മുഴുവൻ പച്ചക്കറികളും വിദ്യാലയത്തിൽ നിന്നുതന്നെ ലഭ്യമാക്കുകയും വിഷരഹിതപച്ചക്കറികൾ ഉപയോഗിക്കുകയും ചെയ്യുക.
- വർണ്ണവിസ്മയം തീർക്കുന്ന ജൈവവൈവിധ്യം നിറഞ്ഞ അന്തരീക്ഷത്തെ നിലനിർത്തുക.
- അദ്ധ്യാപനത്തെ കൂട്ടായ്മയിലൂടെ മെച്ചപ്പെടുത്തും. അതിനായി ആവശ്യമായ സന്ദർഭങ്ങളിൽ രക്ഷകർത്താക്കളും ക്ലാസ്റൂം പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- കലാ-കായിക പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യമുള്ള അമ്മമാരുടെ സേവനം ക്ലാസ്സ്മുറിയിൽ പ്രയോജനപ്പെടുത്തുക.
- കുടുംബസംഗമം, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക.
- വ്യത്യസ്തങ്ങളായ വായനാസാമഗ്രികൾ കണ്ടെത്തി രക്ഷിതാവും കുട്ടിയും ചേർന്ന് വായിക്കുവാനുള്ള അവസരം സ്കൂളിൽ ഒരുക്കുക.

# വിജയമേഖലാ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ | സ്പെല്ലിംഗ് ടെസ്റ്റ് എല്ലാ ദിവസവും ഇംഗ്ലീഷ് ഭാഷ വികസനവുമായി ബന്ധപ്പെട്ട് ക്ലാസ്സ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. പുറമേ നിന്നുള്ള അദ്ധ്യാപകരെ വെച്ച് പ്രവർത്തനം ആസൂത്രണം | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ | |
| ഭാഷ എല്ലാ കുട്ടികൾക്കും വായിക്കാനും അക്ഷര തെറ്റില്ലാതെ എഴുതുവാനും പ്രാപ്തരാക്കുക | വായന കാർഡ്, പദശേഖരണം, വായന, അക്ഷരക്കളികൾ, ചിത്രക്കാർഡ് | ജൂലൈ – ഫെബ്രുവരി | അദ്ധ്യാപകർ | |
| സംഖ്യാബോധം ചതുഷ്ക്രിയകൾ അളവുകൾ | കളി നോട്ട്, മഞ്ചാടി, കമ്പ് കെട്ട്, അളവുപാത്രങ്ങൾ, സംഖ്യ പോക്കറ്റ്, സംഖ്യ കാർഡ് | ജൂൺ – മാർച്ച് | അദ്ധ്യാപകർ | |
| ശാസ്ത്രം (CWSN) | നിരീക്ഷണം, പരീക്ഷണം, വർഗ്ഗീകരണം, താരതമ്യം | ജൂൺ - മാർച്ച് | അദ്ധ്യാപകർ | |
| കലാകായികം, ആരോഗ്യം, പ്രവർത്തിപഠനം (CWSN) | ബാലസഭ | എല്ലാമാസവും അവസാന വെള്ളിയാഴ്ച | അദ്ധ്യാപകർ | |

## പദ്ധതി രൂപീകരണപ്രക്രിയ

എസ്.എസ്.ജി, എസ്.എം.സി, പി.ടി.എ–കൾ വഴി വിദ്യാലയ മികവുകൾ സമൂഹത്തിലേക്ക് എത്തിക്കുക. പ്രവേശനോത്സവം, പരിസ്ഥിതിദിനം, വായനാദിനം, സ്വാതന്ത്ര്യദിനം തുടങ്ങിയ എല്ലാ ദിനാചരണങ്ങളും രക്ഷകർത്താക്കളുടേയും സാമൂഹ്യപങ്കാളിത്തത്തോടെയും നടത്തുക.

കുടുംബ സംഗമം, ശില്പശാലകൾ, കോർണർ, പി.ടി.എ–കൾ എന്നിവ സംഘടിപ്പിക്കുക. കലാകായിക പ്രവൃത്തിപരിചയ മേഖലകളിൽ പ്രാവീണ്യമുള്ള രക്ഷകർത്താക്കളുടെ സേവനം പ്രയോജനപ്പെടുത്തുക.

അദ്ധ്യാപനത്തെ കൂട്ടായ്മയിലൂടെ മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ സന്ദർഭങ്ങളിൽ രക്ഷകർത്താക്കളും ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. വിദ്യാലയം പരിസ്ഥിതി സൗഹൃദവും ശിശുസൗഹൃദവുമായി നിലനിർത്തുക. കുട്ടികളുടെ രചനകൾ, തത്സമയ പ്രകടനങ്ങൾ, അധ്യാപകരുടെ വിലയിരുത്തലുകൾ, കുറിപ്പുകൾ എന്നിവ ഓരോ മാസത്തെയും ക്ലാസ്സ് പി.ടി.എയിൽ ഉൾപ്പെടുത്തുക. മികച്ച ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുക. പ്രവൃത്തിദിനങ്ങളിൽ നിശ്ചിത പഠനസമയം ഉറപ്പുവരുത്തുവാനും ചെയ്യുക.

പദ്ധതി രൂപികരണ പ്രക്രിയയിൽ പൂർവ്വ വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, വാർഡ്മെമ്പർ, തുടങ്ങിയവർ പങ്കെടുക്കുകയും അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമഗ്ര ഗുണമേന്മ വർഷമായി കണക്കാക്കിക്കൊണ്ട് ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

1. സമഗ്രഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുക.
2. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പു വരുത്തുക
3. മൂല്യനിർണ്ണയം മികവുറ്റതാക്കുക.
4. NAS പരീക്ഷയിലെ വിജയം

## സാമൂഹികം

- സ്കൂളിന്റെ സമഗ്രവികസനത്തിന് കുറച്ചുകൂടി സാമൂഹിക പങ്കാളിത്തം ആവശ്യമാണ്.
- അക്കാദമിക മികവാണ് സ്കൂളിന്റെ മികവ് എന്ന ആശയം സമൂഹത്തിൽ എത്തിക്കുക.
- പഠനം എന്നത് കേവലം മനഃപ്പാഠമാക്കലും അടിച്ചേൽപ്പിക്കലും അല്ല എന്ന ധാരണ സമൂഹത്തിന് ബോധ്യമാക്കുക.
- വർദ്ധിച്ചു വരുന്ന അൺ–എയ്ഡഡ് സ്കൂളിലേയ്ക്ക് തങ്ങളുടെ പുതു തലമുറയെ എത്തിക്കാതെ നാളത്തെ സമൂഹത്തിന് ആവശ്യമായ ഗുണ നിലവാരമുള്ള വിദ്യാഭ്യാസ വിഭാവനം ചെയ്യലാണ് സർക്കാർ സ്കൂളുകൾ ചെയ്യുന്നതെന്ന് ധാരണ സമൂഹത്തിന് നൽകുക.
- കോർണർ പി.റ്റി.എ–കളിൽ സാമൂഹിക ജനപ്രതിനിധികളെ പങ്കാളികളാക്കുക.

## അക്കാദമികം

1. വായനാക്കളരി
2. ക്വിസ്മത്സരങ്ങൾ
3. ഇംഗ്ലീഷ് ആശയവിനിമയ ക്ലാസ്
4. പരിസ്ഥിതി ക്ലബ്ബ്
5. ശുചിത്വ ക്ലബ്ബ്
6. ഗണിത ക്ലബ്ബ്
7. കുട്ടി ടീച്ചർ
8. അസംബ്ലി

## പ്രശ്നങ്ങൾ-വെല്ലുവിളികൾ

ഇക്കഴിഞ്ഞ കാലയളവിൽ സ്കൂളിലെ ഭൗതികസാഹചര്യങ്ങൾ ഏറെക്കുറെ മെച്ചപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും നിലവിൽ അപര്യാപ്തതകൾ ഇനിയുമേറെ യുണ്ട്. റോഡിൽ നിന്നും മലിനജലം സ്കൂൾ ഗ്രൗണ്ടിലേക്ക് എത്തുന്നു. അതിനു പരിഹാരമായി ഓട നിർമ്മിക്കേണ്ടതുണ്ട്. പ്രവേശന കവാടത്തിൽ ദിശാബോർഡു കൾ ഇല്ലാത്തത് അപകടങ്ങൾക്ക് വഴിവെക്കുന്നു. മഴക്കാലപ്രശ്നങ്ങൾ (വെള്ള ക്കെട്ട്) പരിഹരിക്കാനുള്ള ക്രമീകരണമില്ലാത്തതിനാൽ സ്കൂളിൽ വെള്ള ക്കെട്ടുണ്ട്. ആകർഷകമായ ഗേറ്റ്, റോഡിൽ നിന്നും മലിനജലം സ്കൂൾ പരിസര ത്തേയ്ക്ക് എത്താത്ത സൗകര്യം എന്നിവയുടെ അപര്യാപ്തത പരിഹരിക്കുന്നതി നായി സ്കൂൾ ഗ്രൗണ്ട് പരമാവധി ഉയർത്തുക. വിശ്രമപഠന മരത്തണലുകൾ, പ്രധാനകവാടങ്ങളിൽ സി.സി.ടി.വി, ക്യാമറ, സന്ദർശകർക്ക് രജിസ്റ്റർ, സ്കൂൾ വണ്ടി പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവകൂടി ഉൾപ്പെടുത്തി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്.

പ്രഥമാദ്ധ്യാപകന് ഓഫീസ് മുറിയിലിരുന്ന് പരിസര നിരീക്ഷണത്തിനുപ യുക്തമാകും വിധത്തിലുള്ള നിരീക്ഷണക്യാമറ സംവിധാനം, പ്രഥമശ്രുശ്രൂഷ യ്ക്കുള്ള സംവിധാനം എന്നീ ആധുനിക സംവിധാനങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

ഓരോ കുട്ടിയ്ക്കും ലാപ്ടോപ്പുകൾ ഉപയോഗിക്കുവാൻ സാധിക്കുന്ന തര ത്തിലുള്ള വൈദ്യുതി പോയിന്റുകളും, മറ്റുപകരണങ്ങളും ക്രമീകരിക്കണം. ശബ്ദസുഖം നൽകുന്ന ആന്തരികക്രമീകരണം ഓരോ ക്ലാസിലും ഉണ്ടാവുകയും അതുവഴി പ്രതിധ്വനി ശബ്ദനിയന്ത്രണ സംവിധാനം, കോർമൈക്കിലൂടെ സംസാ രിച്ച് എല്ലാവർക്കും അദ്ധ്യാപിക പറയുന്നത് വ്യക്തമായി കേൾക്കാനുള്ള സംവി ധാനം എന്നിവ ആവശ്യമാണ്.

കുട്ടികൾക്ക് സ്വതന്ത്രമായി സഞ്ചരിക്കുന്നതിനും ഒറ്റയ്ക്കും കൂട്ടമായും അവതരണങ്ങളും രംഗാവിഷ്കാരങ്ങളും നടത്തുന്നതിനുള്ള സ്ഥലത്തിന്റെ അപ ര്യാപ്തതയുണ്ട്. അതിനായുള്ള മുറികൾ, അനുബന്ധ ക്രമീകരണങ്ങൾ എന്നിവ വേണ്ടതുണ്ട്.

ആണി അടിക്കുകയോ ഒട്ടിച്ച് അഭംഗി വരുത്തുകയോ ചെയ്യാത്ത തരത്തിലുള്ള ക്ലാസ്റൂം ഡിസ്പ്ലേ ബോർഡുകളും നൂതനസാങ്കേതികവിദ്യയും ആവശ്യമാണ്.

ഭിത്തികളുടേയും ഉപകരണങ്ങളുടേയും ആകർഷണീയത വർദ്ധിപ്പിക്കണം. ശുദ്ധജല ലഭ്യതയ്ക്കായി സ്കൂളിന് ലഭിച്ച ആർ.ഒ.പ്ലാന്റ് പ്രവർത്തനക്ഷമമാണ്. ഭൗതിക സൗകര്യങ്ങളിൽ ഇത് ഒരു മുതൽക്കൂട്ടായി കാണാം. പ്രി–പ്രൈമറി ക്ലാസ്സുകളിൽ ടി.വി. സംവിധാനം ഉള്ളതും ഒന്നാംക്ലാസ്സ് ഡിജിറ്റർ ക്ലാസ്സ് റൂം ആയതും മികവിലേയ്ക്കുള്ള ചവിട്ടുപടികളാണ്.

ക്ലാസ്റൂം ലൈബ്രറി വിപുലമാക്കണം. ഓരോ ക്ലാസ്മുറിയുടേയും പുറത്ത് ക്ലാസ്സ് മികവുകൾ കുട്ടികളുടെ ഉൽപ്പന്നങ്ങൾ, അറിയിപ്പുകൾ, സർഗ്ഗാത്മ സൃഷ്ടികൾ എന്നിവ പ്രദർശിപ്പിക്കാനുള്ള ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിക്കണം.

ക്ലാസ്സുകളിൽ പഠനനേട്ടങ്ങളുടെ പ്രദർശന ചാർട്ട്, ഓഫീസിൽ പ്രധാന അദ്ധ്യാപകന്റെയും പി.റ്റി.എ, എസ്.എം.സി ഭാരവാഹികളുടേയും ഫോൺ നമ്പർ പ്രദർശിപ്പിക്കുവാനുള്ള സൗകര്യം എന്നിവ ഉണ്ടാകണം. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, അസംബ്ലി എന്നിവയ്ക്കായി സ്കൂൾ ഓഡിറ്റോറിയം ഉള്ളത് പ്രധാന ഒരു നേട്ടമാണ്.

പത്രം, ആനുകാലികങ്ങൾ എന്നിവ ക്രമീകരിക്കുവാനുള്ള സംവിധനാങ്ങൾ കുട്ടികൾക്കായുള്ള വിശ്രമമുറി എന്നിവയും പ്രവർത്തന കലണ്ടർ, ടൈംടേബിൾ എന്നിവ പ്രദർശിപ്പിക്കാനുള്ള ക്രമീകരണങ്ങളും ആവശ്യമാണ്.

സ്റ്റാഫ്റൂമിൽ ഓരോ അദ്ധ്യാപികയ്ക്കും ഷെൽഫുകൾ, ഓരോ വിഷയവുമായി ബന്ധപ്പെട്ട പൊതുപഠന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം, കൃത്യനിർവ്വഹണത്തിന് സഹായകരമായ കബോർഡുകൾ എന്നിവയും ആവശ്യമാണ്.

കായിക പരിശീലനത്തിനാവശ്യമായ ആധുനിക സംവിധാനങ്ങളുടേയും ഉപകരണങ്ങളുടേയും അപര്യാപ്തതയും നാടൻകളികൾ, കരാട്ടെ, യോഗ എന്നിവയുടെ പരിശീലനത്തിന് മികച്ച കായിക അദ്ധ്യാപകരുടെ അഭാവവുമുണ്ട്.

## ദീർഘകാല പ്രവർത്തനങ്ങൾ

- ❖ വിവിധ ലൈബ്രറി സന്ദർശനം.
- ❖ പ്രദർശനമേളകൾ.
- ❖ സാംസ്കാരിക കേന്ദ്രസന്ദർശനം (ഭാഷാ മികവുകൾ).
- ❖ ഇംഗ്ലീഷ് ഭാഷാപഠനത്തിനും മികവുകൾ, അവതരണത്തിനും അനുയോജ്യ മായ അവസരങ്ങൾ.
- ❖ കുട്ടികൾക്ക് പഠനസമയം പൂർണ്ണമായും വിനിയോഗിക്കാനവസരം.
- ❖ ശാസ്ത്ര-ഗണിത കോർണറുകൾ.
- ❖ രക്ഷിതാക്കളുടെ സഹായം, പൂർണ്ണപിന്തുണ എല്ലാക്കാര്യങ്ങളിലും.
- ❖ പഠനോത്സവങ്ങൾ.
- ❖ ഹിന്ദി ഭാഷാ ചെറിയ ക്ലാസ്സുകളിൽതന്നെ പരിചയപ്പെടുത്തൽ.

പ്രതീക്ഷിത ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുന്നതായി അക്കാദമിക-ഭൗതിക സൗകര്യങ്ങൾ ഇനിയും മെച്ചപ്പേടേണ്ടതുണ്ട്. നിലവിലെ പ്രധാന കെട്ടിടം റോഡി നുചേർന്നു നിൽക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വം ഏറെ പ്രധാന്യമർഹിക്കുന്ന ഈയവസരത്തിൽ റോഡിലേക്കിറങ്ങി നിൽക്കുന്ന ഈ കെട്ടിടം ജീവനുതന്നെ ഭീഷണിയാണ്. കായംകുളം ഭാഗത്തേക്കുപോകുന്ന വാഹനങ്ങൾ ബൈപാസ് എന്ന നിലയിൽ ഉപയോഗിക്കുന്ന ഈ റോഡിൽ സ്കൂൾ കെട്ടിടത്തോട് ചേർന്ന് രണ്ടു കൊടുംവളവുകളാണുള്ളത്. വാഹനബാഹുല്യം കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്. നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി കുറച്ചുകൂടി സൗകര്യ പ്രദമായ ഭാഗത്ത് ഒരു ബഹുനില കെട്ടിടം നിർമ്മിക്കേണ്ടത് അനിവാര്യമാണ്. ദൂരത്തുനിന്ന് എത്തുന്ന കുട്ടികളെ സ്കൂളിൽ എത്തിക്കാൻ ആവശ്യമായ വാഹനസൗകര്യം അത്യാവശ്യമാണ്.

ഈ സ്കൂളിനെ ഒരു അപ്പർ പ്രൈമറി സ്കൂളായി അപ്ഗ്രേഡ് ചെയ്യുക എന്നത് രക്ഷിതാക്കളുടെയും മാറിമാറി വന്ന എസ്.എസ്.സി അംഗങ്ങളുടേയും നിരന്തരമായ ആവശ്യമാണ്. പ്രൈമറി വിദ്യാർത്ഥികളുടെ സുരക്ഷിതത്വവും സൗകര്യവും കണക്കിലെടുത്ത് നമ്മുടെ സ്കൂൾ അപ്പർപ്രൈമറി ഗ്രേഡിലേക്ക് ഉയർത്തുന്നതിനാവശ്യമായ സാധ്യതകൾ പരിഗണിക്കണം. സന്തോഷകരവും, പരിസ്ഥിതി സൗഹൃദപരവുമായ ഒരന്തരീക്ഷം ഇവിടെ നിലനിർത്താൻ കഴിയും.

# <u>ഉപസംഹാരം</u>

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാണ്. മികവാണ് വിദ്യാലയ ത്തിന്റെ മികവ്. ഈ ആശയങ്ങളിൽ ഊന്നിയാണ് വിദ്യാലയ പദ്ധതിക്ക് രൂപം നൽകിയത്. ഓരോ മേഖലയിലും വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം ഈ കാലയള വിൽ വിദ്യാലയത്തിനുണ്ടായ നേട്ടങ്ങൾ ഇവയെല്ലാം മേൽപ്രതിപാദിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയ ത്തിന്റെ പുരോഗതിക്കും അതിലൂടെ വിദ്യാലയം മികവിന്റെ കേന്ദ്രവും സാംസ്കാരിക സ്മാരകവുമായി വരും തലമുറയ്ക്ക് കൈമാറുന്നതിനു ഈ വിദ്യാലയത്തെ നിധിപോലെ കാത്തുസൂക്ഷിച്ച് നൂറ്റാണ്ട് നിലനിർത്തുന്നതിനുള്ള നമ്മുടെ സ്വപ്നമാണ് ഈ വിദ്യാലയ പദ്ധതി രൂപീകരണരേഖയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്.